# <u>ആമുഖം</u>

ഹേമാംബിക സംസ്കൃത ഹൈസ്കൂൾ കല്ലേക്കുളങ്ങരയിലെ ലിററിൽ കൈറ്റ്സിന്റെ അംഗങ്ങളും മററു വിദ്യാർത്ഥികളും അദ്ധ്യാപകരുടെയും പ്രവർത്തനത്തിന്റെ ഫലമായി നിർമ്മിച്ച ഡിജിററൽ മാഗസിനാണ് **"തൂവൽ".**

കുട്ടികളിലെ സർഗവാസനകളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ചെറിയ കഥകൾ, കവിതകൾ, ദിനാചരണങ്ങൾ, അനുഭവങ്ങൾ, വിദ്യാലയത്തെ കുറിച്ചുള്ള വിവരങ്ങൾ, ചെറിയ ഉപന്യാസങ്ങൾ, പ്രകൃതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ, ദിനാചരണവുമായി ബന്ധപ്പെട്ട ക്വിസ് എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ളതാണ് **"തൂവൽ".** അതിനായി സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടത്തുന്നു.



# ഉള്ളടക്കം


- ആശംസ
- വിദ്യാലയ മികവുകൾ
- ഉപന്യാസം - തൊഴിലതിഷ്ഠിത വിദ്യാഭ്യാസം
- പുർവ്വ അദ്ധ്യാപക വിദ്യാർത്ഥി സംഗമ റിപ്പോർട്ട്
- പ്രളയം
- ചിന്താപ്രഭാതം
- ബാപ്പുജി
- പഠന മികവ്
- മരം നട്ട മനുഷ്യൻ
- രക്തസാക്ഷ്യം
- എന്താണ് ഭാഷ
- ജീവൻ എവിടെയൊക്കെ
- ജൂൺ 19 - ലോകവായനാദിനം
- അനുഭവകുറിപ്പ്- എന്റെ യാത്ര
- ആഹാരവുമായി ബന്ധപ്പെട്ട ചൊല്ലുകൾ
- അമ്മ
- വിദ്യാലയം
- കടങ്കഥകൾ
- മറക്കാനാവാത്ത എന്റെ അനുഭവം
- കവിത
- പഴഞ്ചൊല്ലുകൾ
- ഫലിതങ്ങൾ
- വള്ളത്തോൾ നാരായണമേനോൻ
- കാലമെന്ന മഹാത്ഭുതം
- കൊടും വർഷമേ ഒന്നു നിൽക്കൂ
- ഫോട്ടോസ്

# ആശംസ

പാലക്കാട് ജില്ലയിലെ പ്രശസ്തമായ ഒരു സംസ്കൃതം ഓറിയന്റൽ വിദ്യാലയമാണ് ഹേമാംബിക സംസ്കൃതം ഹൈസ്കൂൾ. ഭാരതത്തിൽ അനേകം ഭാഷകൾ ഉങ്കിലും ആ ഭാഷകളലിൽ വെച്ച് സർവ്വശ്രേഷ്ഠമാണ് സംസ്കൃത ഭാഷ. എല്ലാ ഭാരതീയ ഭാഷകളുടെയും ജനനിയാണ് സംസ്കൃതം. എല്ലാ ഭാഷകളിലും സംസ്കൃതത്തിന്റെ പ്രഭാവം കാണപ്പെടുന്നു്. ഭാരതീയ സംസ്കാരത്തെ കുറിച്ച് മനസ്സിലാക്കാൻ സംസ്കൃത പഠനം വളരെ അത്യാവശ്യമാണ്. വേദങ്ങൾ, പുരാണങ്ങൾ, ഇതിഹാസങ്ങൾ മുതലായവയെല്ലാം രചിച്ചിട്ടുള്ളത് സംസ്കൃത ഭാഷയിലാണ്. കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ സംസ്കതത്തിലുള്ള സുഭാഷിതപഠനം വളരെയധികം പ്രയോജനപ്രദമാണ്. വിദേശരാജ്യങ്ങളിൽ പോലും ഈ ഭാഷയുടെ പ്രചാരമു്. എല്ലാ വർഷവും ശ്രാവണ പൂർണ്ണിമ സംസ്കൃതദിനമായി ആചരിച്ചു വരുന്നു്.

സംസ്കൃത ഭാഷ വളരെ പ്രാചീന ഭാഷയാണെങ്കിലും എല്ലാ കാലത്തും നൂതനവും ആണ്. ആധുനികയുഗത്തിലെ കമ്പ്യൂട്ടർ യന്ത്രത്തിലും ഈ ഭാഷ വളരെ ഉപകാരപ്രദമാണ് എന്ന് ശാസ്ത്രജ്ഞർ അംഗീകരിക്കുന്നു്. ലിന്റിൽ കൈന്റ്സ് യൂണിന്റിലെ എല്ലാ വിദ്യാർത്ഥികളും വളരെ ഊർജ്ജസ്വലരാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. ഈ വിദ്യാലയത്തിലെ സംസ്കൃതം അധ്യാപികയായ ഞാൻ ലിന്റിൽ കൈന്റ്സ് യൂണിന്റിലെ എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും എല്ലാവിധ മംഗളാശംസകളും നേരുന്നു.

“ഉദ്ധ്യമേനഹി സിദ്ധ്യന്തി
കാര്യാണി ന മനോരഥൈ:
നഹി സുപ്തസ്യ സിംഹസ്വ
പ്രവിശന്തി മുഖേ മൃഗാ:”

പരിശ്രമം കൊു മാത്രമേ എല്ലാ കാര്യങ്ങളും സാധിക്കുകയുള്ളൂ. ഒരിക്കലും ഉറങ്ങി കിടക്കുന്ന സിംഹത്തിനു മുൻപിൽ ഇരകൾ വന്നു വീഴില്ല. എന്നാണ് ഈ സുഭാഷിതത്തിന്റെ അർത്ഥം.

**സംഗീത**
സംസ്കൃത അദ്ധ്യാപക

# <u>വിദ്യാലയ മികവുകൾ</u>

- എസ്.എസ്.എൽ.സി സമ്പൂർണ്ണ വിജയം
- 5 മുതൽ 10 വരെ ക്ലാസ്സുകളിലെ പിന്നോക്കക്കാർക്കുള്ള പ്രത്യേക പഠന പാക്കേജുകൾ.
- കൃഷി, പൂന്തോട്ടം
- ICT അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ
- മലയാളത്തിളക്കം, സുരീലി ഹിന്ദി
- ശാസ്ത്ര ഗണിത ശാസ്ത്രമേളകളിലെ പങ്കാളിത്തം
- കലാകായിക മത്സരങ്ങളിലുള്ള പങ്കാളിത്തം
- ദിനാചരണങ്ങൾ നടപ്പാക്കൽ
- JRC യൂണിറ്റ്
- ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
- പോഷക സമൃദ്ധമായ ഉച്ചഭക്ഷണം
- പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തോടെ പ്രഭാത ഭക്ഷണം
- പൂർവ്വ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നൽകി വരുന്ന സായാഹ്ന ഭക്ഷണം.
- യോഗ ക്ലാസ്സുകൾ, കൗണസിലിങ്ങ് ക്ലാസ്സുകൾ
- വിദ്യാലയ വികസന സമിതി പ്രവർത്തനങ്ങൾ
- ക്ലാസ് പി.ടി.എ/ സ്കൂൾ പി.ടി.എ, കോർണർ പി.ടി.എ



**--തൻസില--**

# <u>ഉപന്യാസം</u>

## <u>തൊഴിലധിഷ്ഠിത വിദ്യാഭ്യാസം</u>

യുവജനങ്ങളെ വിദഗ്ധ തൊഴിലുകളിൽ ഏർപ്പെടുവാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന വിദ്യാഭ്യാസ സമ്പ്രദായമാണ് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം.

പ്രത്യേക തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ തൊഴിൽപരമായ കഴിവുകൾ മെച്ചപ്പെടുത്തുവാനും ഈ വിദ്യാഭ്യാസം ഉപകരിക്കും. ഇന്ത്യയിൽ ഹയർ സെക്കറി കോളേജ് തലത്തിലാണ് തൊഴിലധിഷ്ഠിത പഠനം നടപ്പിലാക്കുന്നത്. ഇതിലൂടെ തൊഴിലിൽ ഏർപ്പെടുവാൻ ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ കുട്ടികൾക്ക് ലഭിക്കും. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതികളിൽ ചിലത് ഞാൻ രേഖപ്പെടുത്തട്ടെ.

**വ്യവസായ-വാണിജ്യ വിദ്യാഭ്യാസം**

ഓഫീസ് സംബന്ധമായ ജോലികൾക്കാവശ്യമായ വിദ്യാഭ്യാസവും, പരിശീലനവും കാർഷിക പരിശീലനം, ഗൃഹഭരണ പരിശീലനം, ആരോഗ്യരംഗത്തേക്കുള്ളത്, സാങ്കേതിക വിദ്യാഭ്യാസം.

**--തസ്നി--**

# <u>പൂർവ്വ അദ്ധ്യാപക വിദ്യാർത്ഥി സംഗമ റിപ്പോർട്ട്</u>

ഹേമാംബിക സംസ്കൃത ഹൈസ്കൂൾ കല്ലേകുളങ്ങരയിൽ പൂർവ്വ അദ്ധ്യാപക വിദ്യാർത്ഥി സംഗമം 2018 ഡിസംബർ 31 ന് വളരെ ഗംഭീരമായി നടത്തി. ബഹുമാനപ്പെട്ട എം.പി. ശ്രീ. എം.ബി. രാജേഷ് അവർകൾ ചടങ്ങ് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ സ്കൂൾ മാനേജർ സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷ സ്ഥാനം അലങ്കരിച്ചത് അകത്തേത്തറ പഞ്ചായത്ത് പ്രസിഡന്റ് ഡി.സദാശിവനാണ്. വാർഡ് മെമ്പർ ശ്രീദേവി ആശംസകൾ അർപ്പിച്ചു. ഹെഡ്മിസ്ട്രസ്സ് മല്ലിക നന്ദിയും പ്രകാശനം ചെയ്തു. പൂർവ്വ അദ്ധ്യാപകരുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിന് എല്ലാവരും ആത്മാർത്ഥമായി സഹകരിച്ചു.




~വിഷ്ണു~

# <u>പ്രളയം</u>

വാർത്തകളിൽ
        പ്രളയം
കണ്ണീരിന്റെ,
        പ്രളയം
മഴ ദൈവങ്ങൾ
കനിഞ്ഞ-
        പ്രളയം
എങ്കിലും ദു:ഖം!
ഓർമ്മകൾ മറഞ്ഞു...
        പ്രളയത്തിൽ
സ്വപ്നങ്ങൾ ഒഴുകി-
        പ്രളയത്തിൽ
ഒടുവിൽ വന്ന വാർത്തയിൽ
        ഒരു കടലിരമ്പൻ!
വാർത്തയുടെ ഉള്ളിലിങ്ങനെ
        ഞാൻ കരഞ്ഞിരിക്കുകയാണ്
നീ തിരിച്ചുവരാമെന്ന പ്രതീക്ഷയിൽ
        പ്രളയം....!
ഹൃദയത്തിലും വാർത്തയിലും....!

~ റീന ~

# <u>ചിന്താ പ്രഭാതം</u>

- കണ്ണാടി നമ്മുടെ മുഖത്തുള്ള പാടുകൾ കാണിച്ചു നൽകുന്നു. പക്ഷെ അതുകൊ് നാം കണ്ണാടിയിലെ പൊട്ടിച്ചു കളയുന്നില്ല.

- നമ്മുടെ കുറവുകളെ മനസ്സിലാക്കി തരുന്നവരോട് ദേഷ്യപ്പെടുകയോ ബന്ധം ഉപേക്ഷിക്കുകയോ ചെയ്യരുത്.

- നമ്മെ ആത്മാർത്ഥമായി സ്നേഹിക്കുന്നവർക്ക് മാത്രമേ അങ്ങനെ പറയാൻ സാധിക്കൂ. അത് നമ്മെ തളർത്താനല്ല. കുറവുകൾ പരിഹരിച്ച് മുന്നോട്ട് കുതിക്കുവാനാണ്. അവരാണ് നമ്മുടെ യഥാർത്ഥ സ്നേഹിതൻ.

~ നസ്‌ല ~

# <u>ബാപ്പുജി</u>

നമ്മൾക്കുേ ചങ്ങാതികളേ
നല്ലൊരു മുത്തച്ഛൻ
നിലാവു തോൽക്കും മധുര പുഞ്ചിരി
തൂകിയ മുത്തച്ഛൻ
വിനയത്തിന്റെ കിരീടം ചൂടിയ
വലിയൊരു മുത്തച്ഛൻ
നേരം നെറിയും കൈമുതലാക്കിയ
പാവം മുത്തച്ഛൻ
വടിയും കുത്തി പല നാടുകളും
താിയ മുത്തച്ഛൻ
വെള്ളക്കാരെ തുരുത്തി വിട്ടൊരു
കേമൻ മുത്തച്ഛൻ
നമ്മൾക്കു് ചങ്ങാതികളേ
നല്ലൊരു മുത്തച്ഛൻ
നമ്മുടെ നാടിൻ പുണ്യ പിതാവാം
ബാപ്പുജി മുത്തച്ഛൻ

**~ സൂരജ് ~**

# <u>പഠന മികവ്</u>

എസ്.എസ്. എൽ.എസി തുടർച്ചയായി 100% വിജയം കൊയ്യുന്ന പാലക്കാട് ജില്ലയിൽ തന്നെ പ്രശസ്തമായ വിദ്യാലയമാണ് ഹേമാംബിക സംസ്കൃത ഹൈസ്കൂൾ. ഈ വർഷം 54 വിദ്യാർത്ഥികളാണ് നമുക്കുള്ളത്. അതിൽ മുഴുവൻ കുട്ടികളേയും വിജയിപ്പിക്കുയും ഉയർന്ന ഗ്രേഡുകൾ നേടുവാനുള്ള പ്രത്യേക പരിശീലനം നൽകി വരുന്നു്.

മറ്റ് ക്ലാസ്സുകളിലും പഠനം പിന്നോക്കക്കാർക്കുള്ള പ്രത്യേക പരിശീലനം നടന്നു വരുന്നു. അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക വിദ്യാഭ്യാസ പദ്ധതിയായ അക്ഷരദീപം വിദ്യാഭ്യാസ പദ്ധതിയുടെ ആഭിമുഖ്യത്തിൽ പ്രത്യേക പരിശീലനം യു.പി., എച്ച്.എസ് വിഭാഗങ്ങളിൽ നടന്നു വരുന്നു.

**~ അഞ്ജന ~**

# <u>മരം നട്ട മനുഷ്യൻ</u>

എൽസിയാഡ് ബോഫിയർ എന്ന ഇടയനാണ് മരം നട്ട് അനശ്വരനായത്. തരിശു ഭൂമിയായിരുന്ന ആൽപ്സ് പർവ്വത പ്രാന്തത്തിൽ പൈൻ വിത്തുകൾ നട്ടു നടന്ന ഈ മനുഷ്യന്റെ കഥ ജിൻഗിയോനോ എന്ന ഫ്രഞ്ച് എഴുത്തുകാരനാണ് ലോകത്തോടു പറഞ്ഞത്. 1947 ൽ ബോഫിയർ അന്തരിക്കുമ്പോഴേക്കും അദ്ദേഹം നട്ട വിത്തുകൾ ഒരു പൈൻമരക്കാടായി മാറിയിരുന്നു. അദ്ദേഹത്തെകുറിച്ചുള മരം നട്ട മനുഷ്യൻ എന്ന ഗിയോനോയുടെ ചെറു പുസ്തകം ഇന്നും ലോകത്തെ ബെസ്റ്റ് സെല്ലറുകളിൽ ഒന്നാണ്.

**~ മുഹമ്മദ് ബിലാൽ ~**

# <u>രക്തസാക്ഷ്യം</u>

ഗാന്ധിജിയുടെ 150-ാം ജന്മവാർഷികത്തോടും എഴുപതാം രക്തസാക്ഷിത്വത്തോടും അനുബന്ധമായി കേരള സർക്കാരിന്റെ സാംസ്ക്കാരിക വകുപ്പ് ഒരു വർഷം നീു നിൽക്കുന്ന പരിപാടികളോടെ 'രക്തസാക്ഷ്യം 2019' 2019 ജനുവരി 10 മുതൽ 15 വരെ അകത്തേത്തറ ശബരി ആശ്രമത്തിൽ സംഘടിപ്പിച്ചു. നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സാന്നിദ്ധ്യം ഉറപ്പിക്കുവാൻ സാധിച്ചു.






**~ അഖില ~**

# എന്താണ് ഭാഷ

ആശയങ്ങൾ പരസ്പരം കൈമാറാൻ മനുഷ്യൻ ഉപയോഗിക്കുന്ന മാർഗ്ഗമാണ് ഭാഷ. മനു ജീവികൾ ആശയവിനിമയത്തിന് പലതരത്തിലുള്ള ശബ്ദങ്ങളും അംഗചലനങ്ങളും ഉപയോഗിക്കുന്നു്. ഇവയെ ഭാഷ എന്നു പറയാനാവില്ല. ഭാഷ അനുദിനം വളരുന്നു; വികസിക്കുന്നു. എന്നാൽ ജന്തുക്കളുടെ ആശയവിനിമയോപാധിക്ക് മാറ്റങ്ങളുാകുന്നില്ല. ഭാഷയുടെ പ്രവർത്തനത്തിന് മൂന്ന് ഘടകങ്ങളു്. പറച്ചിൽ ഭക്ഷണം, കേൾക്കൽ ശ്രവണം, മനസ്സിലാക്കാൻ ഗ്രഹണം എന്നിവയാണവ.

ഭാഷയുടെ ഉൽപ്പത്തിയെകുറിച്ച് പല സിദ്ധാന്തങ്ങളു്. ഏകദേശം 42,000 കൊല്ലം മുമ്പ് പ്രാചീന ശിലായുഗത്തിന്റെ തുടക്കത്തിൽ തന്നെ പ്രാചീന മനുഷ്യൻ വാമൊഴിയെ പീഠഭൂമിയിൽ വസിച്ചിരുന്നു. ഏകദേശം 45000 വർഷം മുമ്പ് മനുഷ്യന്റെ സ്വതപേടകത്തിൽ നിർണായക പരിവർത്തനമുായി. അങ്ങനെയാണ് മനുഷ്യരാശിക്ക് സംസാരശേഷി കൈവന്നത്.

**~ സജ്ന ~**

## ജീവൻ എവിടെയൊക്കെ

സത്യത്തിന്റെ ഭൂമിയിൽ മാത്രമേ ജീവനുള്ളോ? 'അറിയില്ല' എന്നാണുത്തരം. ഭൂമിക്കു വെളിയിൽ ഇന്നുവരെ നാം ഒരു ജീവിയെയും കിട്ടില്ലയ സൂര്യൻ എന്ന നക്ഷത്രത്തെ ചുറ്റുന്ന എട്ട് ഗ്രഹങ്ങളിൽ ഒന്നു മാത്രമാണല്ലോ ഭൂമി. സൂര്യനാകട്ടെ മിൽക്കി വേ എന്ന ഗാലക്സിയിലെ ഒരു ഇടത്തരം നക്ഷത്രം മാത്രം. നാൽപതിനായിരം കോടിയുള്ള നക്ഷത്ര കുടുംബമാണ് മിൽക്കി വേ. അതു പോലെ പതിനായിരം കോടി ഗാലക്സികളെങ്കിലും പ്രപഞ്ചത്തിലു്. പക്ഷെ, മനുഷ്യൻ ഇന്നു വരെ ചന്ദ്രനപ്പുറമുള്ള ഒരു ലോകത്തും നേരിട്ടു പോയിട്ടില്ല. മനുഷ്യനുാക്കിയ ഒരു വസ്തു പോലും പോയിട്ടുള്ള പരമാവധി ദൂരം ഭൂമിയിൽ നിന്ന് 140 AU ആണ്. സൂര്യനിലേക്കുള്ള ദൂരത്തിന്റെ രായിരത്തിൽ ഒരംശമേയുള്ളൂ. അത് അങ്ങനെയെങ്കിൽ, ഇത്രേം വിശാലമായൊരു പ്രപഞ്ചത്തിൽ ഈ കൊച്ച് ഭൂമിയിൽ നമ്മൾ ഒന്ടയ്ക്കാണെന്നും പറയാനാകുമോ? എവിടെങ്കിലുമൊക്കെ നമ്മളെപ്പോലുള്ള ജീവികൾ വേറെയും ഉാകേതല്ലോ?

**~ തൻസില ~**

# ജൂൺ 19 - ലോക വായനാദിനം

അകത്തേ ഇരുട്ട് അകന്വി ആധുനിക സമൂഹത്തിന്റെ ഭാഗമാകാൻ വായനാഭ്യാസം അനിവാര്യമാണ്. വായന, നമ്മുടെ ചുന്വുപാടുകളെ, പ്രകൃതിയെ എല്ലാ നേട്ടങ്ങളോടും കൂടി നമ്മുടെ മുമ്പിൽ എത്തിക്കും. വാനാഭ്യാസത്തിലൂടെ നേടുന്ന അറിവും സ്വന്തം അനുഭവങ്ങളെ വിമർശനപര മായി വിലയിരുത്താൻ കഴിയും. നല്ലതിനേയും ചീത്തയേയും സ്വയം തിരിച്ചറിഞ്ഞ് പ്രവർത്തിക്കാനു ളള ആത്മവിശ്വാസവും ധീരതയും ഒരുക്കി കൊടുക്കാൻ വായനാജ്ഞാനം തുറന്നു കൊടുക്കുന്നു. അറിവിന്റെ വായനാഖനികൾക്ക് കഴിയും. പക്ഷെ ലോകത്തിലെ നൂറ് പേരിൽ 17 പേർക്ക് ഇനിയും ഇതിന് കഴിഞ്ഞിട്ടില്ല. ഇവരിൽ മൂന്നിൽ രുപേരും സ്ത്രീകളാണ്. ഇവരെയും അറിവിന്റെ ലോകത്തേക്ക് കൈപിടിച്ചുയർത്താൻ ലോകമെമ്പാടും വിവിധങ്ങളായ പ്രവർത്തനം നടന്നു വരുന്നു. അവയുടെ പ്രാധാന്യം വിളിച്ചോതി ഒരു വായനാദിനം കൂടി.

വായനാദിന നിർമ്മാർജ്ജനത്തെകുറിച്ച് ആലോചിക്കാൻ വിവിധ രാഷ്ട്രങ്ങളിലെ വിദ്യാഭ്യാസ മന്ത്രിമാരുടെ യോഗം ചേർന്നു. ഇറാനിൽ ചേർന്ന ഈ സമ്മേളനം ജൂൺ 19 നാണ് ആരംഭിച്ചത്. ഇതിന്റെ സ്മരണ നിലനിർത്താനും ലോകവ്യാപകമായും വായനയുടെ പ്രാധാന്യം വിശദീ കരിക്കുന്നതിനായി 1966 മുതൽ വായനാദിനം ആചരിക്കുന്നു!

**~ അൻസാർ അലി ~**

# അനുഭവകുറിപ്പ്

**<u>എന്റെ യാത്ര</u>**

ഞാനും എന്റെ ഫാമിലിയും ഒരു യാത്ര പോയി. ഞങ്ങൾ പോയത് അട്ടപ്പാടിയിലെ അഗളി എന്ന ഗ്രാമത്തിലേക്കാണ്. അട്ടപ്പാടിയിലേക്ക് എത്തുന്തോറും മലനിരകളിലൂടെ കയറിപ്പോകുമ്പോൾ എനക്ക് വല്ലാത്തൊരു അനുഭവം തോന്നി. മലനിരകളിലൂടെ കയറുന്തോറും അവിടെ കോടമഞ്ഞ് നിറഞ്ഞിരുന്നു. കോടമഞ്ഞ് ഇറങ്ങുമ്പോൾ നല്ല തണുപ്പ് അനുഭവപ്പെട്ടിരുന്നു. അങ്ങനെ ഞങ്ങൾ സൈലന്റ്‌വാലിയെല്ലാം കടന്ന് അഗളിയിലേക്ക് പ്രവേശിച്ച് തുടങ്ങി. അഗളിയിലേക്ക് ഇറങ്ങിപോകുന്തോറും എന്ത് മനോഹരമായ കാഴ്ചകളാണ് ഞാൻ കത്. ഞങ്ങൾ അഗളിയിൽ എത്തിയ ശേഷം അഗളിയിലെ ഭവാനി പുഴയിലേക്ക് പോയി. എന്ത് രസകരമായ കാഴ്ചയായിരുന്നു അത്. പുഴയുടെ ഇടയിലുള്ള പാറക്കെട്ടുകളും പുഴയുടെ അപ്പുറത്തുള്ള പൂന്തോട്ടവും എല്ലാം കണ്ണിനെ കുളിരണിയിപ്പിക്കുന്നവയായിരുന്നു. അവിടെ നിന്നും വന്നപ്പോൾ  മനസ്സിൽ വല്ലാത്ത ഒരു സങ്കടം തോന്നി. എന്റെ ജീവിതത്തിലെ ഏറ്റവും നല്ലൊരു അനുഭവമായാണ് എനിക്ക് ആ യാത്ര തോന്നിയത്.

**Shibila Gasali**
IX. A

## ആഹാരവുമായി ബന്ധപ്പെട്ട ചൊല്ലുകൾ

- ഒരിക്കലുണ്ണുന്നവൻ യോഗി,
  രുനേരമുണ്ണുന്നവൻ ഭോഗി,
  മൂന്നു നേമുണ്ണുന്നവൻ രോഗി

- അത്താഴമത്തിപ്പഴത്തോളം
  (അത്താഴം അൽപമെങ്കിലും കഴിക്കണം. രാത്രി പട്ടിണികിടക്കരുത് എന്ന് സാരം)

- അത്താഴമുാൽ അരക്കാതം നടക്കണം
  മറുത്താഴമുാൽ മുള്ളേലും കിടക്കണം

  (അത്താഴം കഴിഞ്ഞാൽ അൽപ്പം വ്യായാമം ചെയ്യുകയും മുത്താഴം കഴിഞ്ഞാൽ അൽപം വിശ്രമിക്കുകയും വേണം)

- ഇരുന്നുണ്ണരുത്, കിടന്നുണ്ണരുത്
  (വിശപ്പു തീർന്നാൽ പിന്നെയും ഇരുന്നുണ്ണരുത്. ഉറക്കം വരും മുമ്പേ കിടക്കയിൽ ചെന്നു കിടക്കരുത്)

- അത്താഴമരവയറ്
- അത്താഴമുാൽ മുന്നൂത്തു കിടക്കണം
- അത്താഴമുരുള പിടിക്കണം
- അന്നവിചാരം മുന്നവിചാരം
  പിന്നവിചാരം കാര്യവിചാരം

**~ നസ്‌ല ~**

## അമ്മ

ഒമ്പതു പേരവർ ഒരമ്മ പെണുവരായിരുന്നു. ഒൻപത് പേരും കൽപ്പണിക്കാർ. കല്ലിനെക്കാൾ ഉറപ്പായിരുന്നു ഒമ്പത് ഒന്നിച്ച് വന്നിരുന്നു. അവരുടെ കഞ്ഞി തിളച്ചിരുന്ന ഒരു കല്ലടുപ്പിലെ തീയിലല്ലേ കോരി കുടിക്കാൻ, കുളിക്കുവാനും ഒരു കിണർ കിനിയുന്ന നീരാണല്ലോ ഒമ്പത് പേരും. അവരുടെ നാരിമാർ നല്ല പകുതികൾ നാരിമാരോ, അവരുടെ കൈകൾ പടുത്തതത്രെ. ഒമ്പതും ഒമ്പതും കല്ലുകൾ ഒമ്പത് കൽപ്പണിക്കാരവർ നാരിമാർ ചെത്തിയ കല്ലിന്റെ ചേലുകാൽ അപ്പുകൾ ഏതിനും മീതയല്ലേ. കൊട്ടാരം കോവിൽ കൂത്തമ്പലവും അഴകും കരുത്തും കൈകോർത്തതത്രെ. കെട്ടിപടുക്കും പടുതകാൽ പുതിയൊരു ഗോപുരം കെട്ടിവാനായി ഒത്തു 18 കൈകൾ വീും, കല്ലുളി കുടങ്ങൾ താളമിട്ടു കല്ലിനു മീതെയായി നൃത്തമാടി അതുകാലം കൊട്ടതൻ മുന്നിലായി, ചെത്തിയ കല്ലുകൾ ചാന്തു തേച്ച് ഇക്കുറി വല്ലായി മയന്ന പോലെ, ചേർത്തു പടുക്കും പടുതയെന്തേ. ചാന്തുകൾ മാന്ധി കുഴച്ചു നോക്കി, കല്ലുകൾ മാന്ധി പടുത്തു നോക്കി ചാർത്തുകളൊക്കെയും മാന്ധി നോക്കി ഭിത്തിയുറയ്ക്കുന്നില്ലെന്നു കൊും, വെളിപാട് കൊാരോ ചൊല്ലിയത്രെ. അധികാരമുള്ളോരതേന്ധുചൊല്ലി. ആ മതിൽ മണ്ണിൽ ഉറച്ചു നിൽക്കെ ഒമ്പത് ഉത്രെ പ്രിയ വധുക്കൾ ഒന്നിനെ ചേർത്തി മതിൽ പടുത്താൽ ആ ചന്ദ്രതാരമുയർന്നു നിൽക്കും. ക്രൂരമായി ബലിയ്ക്കായതിൽ നിന്നാരോ കൂട്ടത്തിൽ ഏന്ധവും മൂപ്പെഴുന്നോൾ. ഇന്നുച്ചനേരത്ത് കഞ്ഞിയുമായ് അവളെയും ചേർത്തി മതിൽ പടുക്കും ഒരുവളെ മാന്ധി നിർത്തും സ്വന്തം വധുമുഖം മാത്രമോർത്തു. അറിയാതെ നെടുവീർപ്പുതിർന്നുപോയ് വന്നെത്തീടുന്ന വളാരുമാട്ടെ തെല്ലൊരൂന്ധത്തോടപ്പോൾ പറഞ്ഞുപോ.

**~ ജസീബ് ~**

# <u>വിദ്യാലയം</u>

ചേമ്പിൻ കുട ചൂടീട്ട്
പുസ്തകം മാറോട് ചേർത്തിട്ട്
മഴതിന്ന തുണിയുമുടുത്ത്
വിദ്യാലയപ്പടി ചവിട്ടുമ്പോൾ
ദുഷ്ടൻ ബെല്ല് കിലുങ്ങിക്കഴിഞ്ഞിരുന്നു.

ആകെ നനഞ്ഞ് ക്ലാസെത്തുമ്പോഴേക്ക്
കണക്ക് തുടങ്ങിയിരുന്നു
അത്ര നേരം മഴകൊുായ ചൂട്
രാമു സാറിന്റെ ചൂരലിന്റെ ചൂടിൽ മാഞ്ഞു.

കൂട്ടുകാരുടെ കൂട്ടച്ചിരിക്കിടയിലൂടെ
ഞാൻ ഒരനാഥയെപ്പോലെ ഞാൻ നടന്നു.
അവസാന ബെഞ്ചിൽ എന്റെ സ്ഥാനം തേടുമ്പോഴും
കുലുങ്ങിച്ചിരി നിന്നിരുന്നില്ല.

ഉച്ചക്കഞ്ഞിക്ക് ബെല്ലടിക്കുമ്പോൾ
വരിയിൽ ആദ്യത്തെ സ്ഥാനം പിടിക്കാനായ്
എഴുന്നേൽക്കുമ്പോഴേക്കും വരി നീരുന്നു.
രാവിലെ കുടിച്ച കഞ്ഞിവെള്ളം വിശപ്പിനോട്
മല്ലിട്ട് തോന്നുപോയി.

അവസാനം കിട്ടിയ ഉണക്കല്ലരിക്കഞ്ഞിയും
കുടിച്ച് രാത്രിക്കു വിശക്കാൻ തയ്യാറെടുത്തു.
ഇതും കഴിഞ്ഞിക്ലാസ്സിന്റെ ഒരു മൂലയിൽ
ക്ഷീണം ഭാവിച്ച് ഉറങ്ങിപ്പോയി.

മലയാളം പിരീഡ് കഴിഞ്ഞ് അവസാന ബെല്ലടി
ക്കുമ്പോഴും ഉറക്കച്ചടവുമായി പുസ്തകവും പിടിച്ച് ഓടി.
ഗേറ്റ് കടക്കുമ്പോൾ
ഇത്ര നാൾ തോന്നാത്ത ഒരു ഏകാന്തത അനുഭവപ്പെട്ടു.
ആ ഏകാന്തതയ്ക്കുള്ള കാരണമെന്തെന്ന
റിയുന്നതിനു മുമ്പ് കാലുകൾ തനിയെ ഓടി തുടങ്ങി...

**~ സിദ്ധാർത്ഥൻ ~**

# <u>കടങ്കഥകൾ</u>

| | | |
|---|---|---|
| അമ്മതൊട്ടു മകൻവെന്തു മരിച്ചു | - | തീപ്പെട്ടിക്കൊള്ളി |
| കാളകിടക്കും കയറോടും | - | മത്തൻ |
| ഡ്രസ്സൂരി കിണറിൽച്ചാടി | - | പഴം |
| കുളിക്കാൻ പോവുമ്പോ സുന്ദരി<br>കുളിച്ചു കഴിഞ്ഞാൽ അസുന്ദരി | - | പപ്പടം |
| അടുക്കളകോലോത്തെ മൂത്താു ദൈവങ്ങൾ | - | അടുപ്പ് |
| കിഴക്കും കാണും കാലത്ത് തലക്കു മുകളിൽ<br>ഉച്ചയ്ക്ക് കടലിൽ താഴും സന്ധ്യക്ക് | - | സൂര്യൻ |

**~ അക്ഷയ ~**

## മറക്കാനാവാത്ത എന്റെ അനുഭവം

ഇന്നൊരു യാത്രക്ക് തുടക്കമിടുകയാണ്. വളരെ ആവേശത്തോടെയും ഉന്മേഷത്തോടെയുമാണ് ഞങ്ങൾ ഒരുങ്ങിയത്. മതി മറന്ന സന്തോഷത്തിലാണ് കൂട്ടുകാരും പോയത്. ബസ്സിൽ കയറി കാഴ്ചളോരോന്നായി കപ്പോൾ എന്റെ സന്തോഷം ഇരട്ടിയായി മാറി. ബസ്സിറങ്ങി അല്പനേരം ഒരു ചെറു യാത്ര നടത്തി. ഒസിനറിയെന്നപോലെ പാടങ്ങളും മലകളുമായി ഒരു ഗ്രാമ ഭംഗി ഞാൻ ആസ്വദിച്ചു. അമ്പലത്തിലെത്തി ബസ് പോകുമെന്ന ചിന്തയിൽ വേഗം പുറപ്പെട്ടു എന്നാൽ ബസ്സ് കിട്ടിയില്ല. അടുത്ത ബസ് കിട്ടുന്നതുവരെ അമ്പലത്തിലേയും വഴിയിലേയും ഓരോ കാഴ്ചകൾ കാണാൻ ഞങ്ങൾക്ക് അവസരം കിട്ടി.

**~ ആതിര ~**

## കവിത

കൂരിരുട്ടിൽ തെളിഞ്ഞു നിൽക്കുന്ന
നിലവിളക്കിന്റെ കിരണം പോലെ
ജീവിത്തിന്റെ വർണ്ണ രശ്മികളാൽ
പ്രകാശപൂർണ്ണമാകട്ടെ ജീവിതമത്രയും
ആശംസകളോടെ....

## പഴഞ്ചൊല്ലുകൾ

- മിന്നുന്നതെല്ലാം പൊന്നല്ല
- മടിയൻ മല ചുമക്കും
- നിത്യാഭ്യാസം ആനയെ എടുക്കും
- അത്തം പത്തിന് തിരുവോണം
- പഴഞ്ചാല്ലിൽ പതിരില്ല
- മൂത്തവൾ പറഞ്ഞത് ആദ്യം കയ്ക്കും പിന്നെ കയ്ക്കും.
- അടിതെന്നിയാൽ ആനയും വീഴും

~ ശ്രീവിദ്യ ~

## <u>പഴഞ്ചൊല്ലുകൾ</u>

- ഓടുന്ന പട്ടിക്ക് ഒരുമുഴം മുമ്പേ
- ചിങ്ങത്തിൽ മഴ ചിന്നി ചിന്നി
- ആരാന്റെമ്മയ്ക്കു പ്രാന്തുപിടിച്ചാൽ
  കാണാൻ നല്ല ചേല്
- എല്ലുമുറിയെ പണി ചെയ്താൽ പല്ലു മുറിയെ തിന്നാം
- അത്തം പത്തിനു തിരുവോണം
- അത്തം കറുത്താൽ ഓണം വെളുക്കും

**~ തസ്നി ~**

## ഫലിതങ്ങൾ

ശാസ്ത്ര ക്ലാസ്സിൽ അദ്ധ്യാപിക ടിന്റുമോനോട് ബാക്ടീരിയയുടെ ഒരു ചിത്രം വരയ്ക്കാൻ ആവശ്യപ്പെട്ടു. അൽപനേരം കഴിഞ്ഞ് ഒരു കടലാസ് ടീച്ചറെ കാണിച്ചു കൊ്

- ടിന്റു : ഇതാ ടീച്ചർ, ബാക്ടീരിയയുടെ ചിത്രം
  ടിന്റു നൽകിയ കടലാസ് തിരിച്ചും മറിച്ചും നോക്കിയ അദ്ധ്യാപിക അത്ഭുതത്തോടെ: ഇതിലൊന്നും കാണുന്നില്ലല്ലോ?
  ടിന്റു : കഴിഞ്ഞ ക്ലാസിൽ ടീച്ചറല്ലേ പറഞ്ഞത് ബാക്ടീരിയയെ വെറും കണ്ണു കൊ് കാണാനാവില്ലെന്ന്.

- ടിന്റുമോൻ തന്റെ കാമുകിയായ പിങ്കിയോട്: ഇന്നലെ ഞാൻ നിന്റെ വീട്ടിൽ പോയിരുന്നു. നമ്മുടെ പ്രേമം ഇനി മുന്നോട്ടുപോകുമെന്ന് തോന്നുന്നില്ല.

  പിങ്കി : എന്താ, അച്ഛനെ കടോ?
  ടിന്റു : ഏയ്, ഇല്ല. പക്ഷെ നിന്റെ സുന്ദരിയായ അനിയത്തിയെ കു!

- ശാസ്ത്ര ക്ലാസിൽ അദ്ധ്യാപിക ടിന്റുമോനോട്: കൃത്യസമയങ്ങളിൽ പശുവിന് വെള്ളം കൊടുക്കാഞ്ഞാൽ എന്തു സംഭവിക്കും?

ടിന്റു: എന്തു സംഭവിക്കാൻ? പാലിനു പകരം കറക്കുന്നത് പാൽപ്പൊടിയായിരിക്കും, അല്ലാതെന്താ?

- ക്ലാസ്സിൽ അദ്ധ്യാപകൻ ടിന്റുവിനോട്: വലുതാവുമ്പോൾ നിനക്ക് ആരാവാനാണ് ആഗ്രഹം?
  ടിന്റു : എന്റെ ഡാഡിയെപ്പോലെ എനിക്കും ഒരു ഡോക്ടറാവാനാണ് ആഗ്രഹം.
  അദ്ധ്യാപകൻ : നിന്റെ ഡാഡി ഡോക്ടറാണോ?
  ടിന്റു : ഏയ് അല്ല ഡാഡിക്കും അതായിരുന്നു ആഗ്രഹം.

~ ഐശ്വര്യ ~

# വള്ളത്തോൾ നാരായണമേനോൻ
## (1878–1958)

1878 ഒക്ടോബർ 16 ന് മലപ്പുറം ജില്ലയിൽ ജനിച്ചു.

വാൽമികി രാമായണം, ഋഗ്വേദം മനു പുരാണങ്ങളും മലയാളത്തിലേക്ക് വിവർത്തനം ചെയ്തു.

1930 ൽ കലാമണ്ഡലം സ്ഥാപിച്ചു.

പത്മഭൂഷൻ ഉൾപ്പടെ ധാരാളം ബഹുമതികൾ ലഭിച്ചിട്ടു്.

മാർച്ച് 1958 ൽ  നിര്യാതനായി

**<u>പ്രധാനകൃതികൾ</u>**

- ബന്ധസ്ഥനായ അനിരുദ്ധൻ
- ശിഷ്യനും മകനും
- ബധിരവിലാപം
- ഗണപതി
- ചിത്രയോഗം
- സാഹിത്യമഞ്ജരി (11 ഭാഗങ്ങൾ)

~ അമൃത ~

## കാലമെന്ന മഹാത്ഭുതം

എന്തത്ഭുത പ്രതിഭാസം
എത്രയെത്ര മുറിവുകൾ
എത്രയെത്ര സ്വപ്നങ്ങൾ
നിഷ്പ്രയാസം തീർക്കുന്നു
അതുപോലെ മായയാൽ
എല്ലാം മായ്ക്കുന്നു
ഒരു മാന്ത്രികനെപ്പോലെ
പക്ഷേ മാന്ത്രികദണ്ഡ്
പരീക്ഷിക്കാൻ ആർക്കും നൽകുന്നില്ല.
എല്ലാം തനിക്കായ് തനിക്ക് മാത്രമായ്
നിഗൂഢമായ് വയ്ക്കുന്നു
തന്റേതാം ലോകത്തിങ്കൽ
മാത്രം ഒതുക്കുന്നു
ഒരജ്ഞാത പ്രപഞ്ചം
നമ്മുക്ക് ചുന്നും തീർക്കുന്നു
വീും മായയാലെല്ലാം മായ്ക്കുന്നു
മായയില്ലെങ്കിൽ നാമെങ്ങനെ ജീവിക്കും
ജീവിതം വ്യർത്ഥമാവില്ലേ
പക്ഷേ വീും വീും
പ്രതീക്ഷതൻ കൂമ്പാരങ്ങൾ
മനസ്സിൽ കോറിയിട്ട്
കാലം കാളിയനൃത്തം ചെയ്യുന്നു
നമുക്ക് ചുന്നും നിത്യവിസ്മയമ

**~ ഡി.ലസിത ~**
മലയാളം അദ്ധ്യാപിക

## കൊടുംവർഷമേ, ഒന്നു നിൽക്കൂ

അതിസുന്ദരം ഒപ്പം ഉൾക്കുള്ളിരുമേകികൊ്
നീ പതിവുപോലെ പടികടന്നെത്തിയിരിക്കുന്ന
നിന്റെ ആസുരഭാവത്താൽ ഇവിടെ തിമർത്താടുമ്പോൾ

ഞാനറിയാതെ ഓർത്തുപോകുന്നു നിൻ ഗാംഭീര്യം
ഒപ്പം ഘോര താണ്ഡവത്തിന്റെ മദാലസ ഭാവം
ഓ നീയിപ്പോൾ ലാസ്യം വെടിഞ്ഞിരിക്കുന്നു
മർത്ത്യന്റെ അകക്കണ്ണ് തുറപ്പിക്കാനായിരിക്കാം അല്ലേ.

വീടും പറമ്പും പുഴകളും കുളവും തോടും
വഴികളും നിന്റെ നൃത്തപാടവം ക് പകച്ചിടുന്ന
അത്ഭുത പരതന്ത്രരാകുന്നു, ഒപ്പം നടുക്കമോടെ
ക്ഷണനേരത്തേക്കെങ്കിലും വിനയാന്വിതരാകുന്നു.
പക്ഷേ, നിനക്കൊരിക്കലും പ്രേക്ഷകർ വിഷയമാകുന്നില്ല.
നിന്റെ നൃത്തച്ചുവടുകൾ മുറുകി മതി മറന്നാടി നീ
ആലസ്യപ്പെടുമ്പോൾ
എല്ലാം നഷ്ടപ്പെടുന്ന മർത്ത്യന്റെ അഗാധവേദന
നീ നിസ്സാരമായി കാണുന്നുവല്ലോ.

എന്തെല്ലാം നേടിയാലും ശമിക്കാത്ത മനുഷ്യകാമനകളെ
ബാക്കിയാക്കി നീയവനെ മറികടന്ന് തച്ചുടയ്ക്കുന്നു
കണക്കില്ലാത്തത്ര ജീവനുകൾ
എന്നിട്ടും നീയവനെ അടങ്ങാത്ത നിൻ
രൗദ്രഭാവത്തിൽ തന്നെ.
പുതിയ പുതിയ സംഹാരതാണ്ഡവ വേദികൾ
തേടിയലയുമ്പോൾ
ആലംബഹീനനായി അലറി വിളിക്കുന്ന
ഞങ്ങളുടെ തീവ്രരോദനം തെല്ലിടയെങ്കിലും
കാതോർക്കാതെ.

പ്രളയം, കലിയുഗം ഇവയൊക്കെയും അവിശ്വസനീയമായ
പുരാലിഖിതങ്ങളാണെന്നോർത്ത എനിക്ക് ഇന്ന് തെന്നി
എഴുത്തച്ഛന്റെ ലക്ഷണോപദേശത്തിലൂടെയും
പൂന്താനത്തിന്റെ ജ്ഞാനപ്പാനയിലുടെയും അറിയാതെ
മനസ്സ് ഇടയ്ക്കൊന്നൂളിയിട്ടു പോയോ എന്നറിയില്ല.
ഇപ്പോഴനിക്ക് നിന്റെ മഹാശക്തി ബോധ്യമായി.
ഭയാനകമായ എത്ര ദിനരാത്രങ്ങൾ നീ ഞങ്ങൾക്കേകി.
പ്രകൃതി നീ കനിഞ്ഞേകിയ വരദാനങ്ങളെ
ഞാനെപ്പോഴോ വിസ്മരിച്ചിരിക്കാം.
പലപ്പോഴും എന്നെ തന്നെ മറന്നു ഞാൻ മുന്നേറി
ഭാവിയെകുറിച്ചു പോലും ഞാൻ പലപ്പോഴും അജ്ഞയായി.

കർക്കിടകത്തിന്റെ വറുതി ഒപ്പം നീ എത്ര
പൊലിഞ്ഞ ജീവനുകളാണ് ഭൂമി മാതാവിന്
മടിത്തട്ടിൽ തിരിച്ചു നൽകിയത്
നിന്റെ നിർഭയഭാവം ഇനിയെങ്കിലും വെടിയൂ.
നിന്റെ അസുരപ്രയാണങ്ങൾക്ക് കടിഞ്ഞാണിടൂ
നിന്റെ വിലാസലീലകളെന്നെ ഭയചകിതയാക്കുന്നു.

**~ ഡി. ലസിത ~**
മലയാളം അദ്ധ്യാപിക

## <u>പോഷക സമൃദ്ധമായ ഉച്ചഭക്ഷണം</u>



<u>**പച്ചക്കറികൃഷി**</u>



~ സൗമ്യ ~

# പഠനവർഷ ആഘോഷം





~ നിഖിൽ.എസ് ~